# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം

## യേശു അന്ധനെ സൗഖ്യമാക്കുന്നു



എഴുതിയത് : Edward Hughes

ഉദാഹരണം : Janie Forest

അംഗികരിച്ചത് : Ruth Klassen

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2014 Bible for Children, Inc.
കോപ്പിചെയ്യുവാനും മുദ്രണം ചെയ്യുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

യെരീഹോവിലെ വഴിയരികെ ഇരുന്നിരുന്ന കുരുടനായ ഭിക്ഷക്കാരനായിരുന്നു ബർത്തിമായി. അതുവഴിപോകുന്ന കരുണയുള്ള ചിലയാളുകൾ അവന് നാണയത്തുട്ടുകളോ അപ്പക്ഷണങ്ങളോ കൊടുത്തിരുന്നു. അന്ധനായിരുന്നതിനാൽ ബർത്തിമായിക്ക് ജോലിചെയ്യാൻ കഴിഞ്ഞിരുന്നില്ല. യാചിക്കുക മാത്രമാണ് അവൻ ചെയ്തത്.



ഒരു ദിവസം ആ പെരുവഴിയിൽ വളരെ തിരക്കുണ്ടായി. അനേകം കാല്പാദങ്ങളുടെ ശബ്ദം അവൻ കേട്ടു. അസാധാരണമായ എന്തോ നടക്കുകയാണ്. അതെന്താണെന്ന് പെട്ടെന്നുതന്നെ ആ കുരുടൻ മനസ്സിലാക്കി.



നസറേത്തുകരാനായ യേശു പട്ടണത്തിൽ വന്നിട്ടുണ്ട്.
യേശുവിനെ കാണുവാൻ, കേൾക്കുവാൻ ജനങ്ങൾ ഓടിക്കൂടി.





യേശുവേ, ദാവീദു
പുത്രാ, എന്നോടു
കരുണ തോന്നേണമേ.
എന്തുകൊണ്ടാണ്
ബർത്തിമായി കരഞ്ഞ്
വിളിച്ചത്? യേശുവിന് തന്നെ
സഹായിക്കാൻ കഴിയുമെന്ന്
അവൻ ചിന്തിക്കാൻ
കാരണമെന്താണ്? യേശു
മറ്റുള്ളവരെ സൗഖ്യമാക്കിയത്
അവൻ കേട്ടിട്ടുണ്ടാകും.



സൗഖ്യമായവരിൽ ചിലർ ബധിരരായിരുന്നു. “ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ,” ബർത്തിമായി വീണ്ടും വീണ്ടും ഉറക്കെ വിളിച്ചു. അവന്റെ ശബ്ദത്തിൽ പ്രത്യാശയുണ്ടായിരുന്നു.



ഒരു കാര്യം
ബർത്തിമായിക്ക്
ഉറപ്പായിരുന്നു.
ഇപ്പോഴവന് സഹായം
ലഭിച്ചില്ലെങ്കിൽ, അതിന്
പിന്നീട് ഒരിക്കലും വേറെ
അവസരം ലഭിക്കുകയില്ല.
തന്റെ മുന്നിലൂടെ യേശു
ഇനിയൊരിക്കലും
കടന്നുപോയെന്നു
വരികയില്ല.



ബർത്തിമായിക്ക്
യേശുവിന്റെയടുത്ത്
ചെന്നേ മതിയാകൂ.
പക്ഷേ, ജനങ്ങൾ
മാറുകയില്ല. “ശ് ശ് ശ്
ശ്,” അവർ പറഞ്ഞു.
മിണ്ടാതിരിക്കുവാൻ
അവർ അവനെ
താക്കീതു ചെയ്തു.



എന്നാൽ ബർത്തിമായി
നിശബ്ദനായിരുന്നില്ല. അവർ
ഏറ്റവുമധികം നിലവിളിച്ചു. പെട്ടെന്ന്
യേശു നിന്നു! ശബ്ദം കേട്ടു! അവനെ
കൊണ്ടുവരുവിൻ എന്നു പറഞ്ഞു!
“ധൈര്യപ്പെടുക,” ജനങ്ങൾ
അവരോടു പറഞ്ഞു.
“എഴുന്നേല്ക്കുക.
അവൻ നിന്നെ
വിളിക്കുന്നു.”

ബർത്തിമായി തന്റെ പുതപ്പ് ഇട്ടുകളഞ്ഞ് ചാടിയെണീറ്റ് യേശുവിന്റെ അടുക്കൽ വന്നു.



“ഞാൻ നിനക്ക് എന്തു ചെയ്തുതരേണം?” യേശു ചോദിച്ചു. താങ്കൾ എന്തു മറുപടി കൊടുക്കുമായിരുന്നു? താങ്കൾ ധാരാളം പണവും പുതിയ വസ്ത്രങ്ങളും ആവശ്യപ്പെടുമായിരുന്നോ? ബർത്തിമായിക്ക് അതാണോ ആവശ്യമായിരുന്നത്?



ഇല്ല, കുരുടനായ ബർത്തിമായി
സ്വർണമോ നല്ല വസ്ത്രങ്ങളോ
യേശുവിനോട് ചോദിച്ചില്ല.



അവന് എന്താണ് വേണ്ടതെന്ന്
താങ്കൾക്കറിയാം.



“കർത്താവേ, എനിക്ക് കാഴ്ച പ്രാപിക്കേണം.” ബർത്തിമായിക്ക് കാഴ്ച പ്രാപിക്കണമായിരുന്നു. ദൈവത്തിന്റെ മനോഹരമായ സൃഷ്ടിയെ, വൃക്ഷങ്ങളെ, പക്ഷികളെ അവനു കാണണം. അവനൊരു ഭിക്ഷക്കാരനായിരിപ്പാൻ ആഗ്രഹമില്ല. കാഴ്ചയുണ്ടെങ്കിൽ ജോലിചെയ്ത് ജീവിക്കാം.



അപ്പോൾ യേശു ബർത്തിമായിയോട് പറഞ്ഞു: “കാഴ്ച പ്രാപിക്കുക. നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.”



ഉടനെതന്നെ അവൻ കാഴ്ച പ്രാപിച്ചു, യേശുവിനെ അനുഗമിച്ചു. “ദൈവം അത്ഭുതം പ്രവർത്തിക്കുന്നവൻ! അവനെന്നെ സൗഖ്യമാക്കി” എന്നുമാത്രമേ അവന് പറയുവാൻ കഴിഞ്ഞുള്ളു. ബർത്തിമായിയുടെ ജീവിതത്തിലെ അതിമനോഹരമായ ഒരു നമിഷമായിരുന്നു അത്.





ജനം എല്ലാം കണ്ടിട്ട് ദൈവത്തെ മഹത്വപ്പെടുത്തി. ഒരു പാവപ്പെട്ട കുരുടനായ ഭിക്ഷക്കാരന് കാഴ്ച കൊടുത്തതിലൂടെ, അവർ ഒരിക്കൽക്കൂടെ, ദൈവത്തിന്റെ പുത്രനായ യേശുവിന്റെ അത്ഭുതകരമായ ശക്തി ദർശിച്ചു.

യേശു അന്ധനെ സൗഖ്യമാക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

മർക്കൊസ് 10, ലൂക്കൊസ് 18,
യോഹന്നാൽ 9

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130


അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക്  വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച്  യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16